## പ്രോ വോളി ലീഗ് ഫൈനലിന് ആവേശം പകരാൻ വനിതകളുടെ മത്സരവും

ചെന്നൈ: ഇന്ത്യയിലെ വനിത വോളിബാളിന് പ്രോത്സാഹനം നൽകുന്നതിനായി റുപെ പ്രോ വോളിബാൾ ലീഗ് സംഘാടകർ ചെന്നൈയിലെ നെഹ്റു സ്റ്റേഡിയത്തിൽ ലീഗ് ഫൈനൽ ദിവസമായ 22ന് വനിത വോളിബാൾ താരങ്ങളെ ഉൾപ്പെടുത്തി മത്സരം സംഘടിപ്പിക്കും.





വിദർഭ ടീം കിരീടവുമായി ആരാധകർക്കൊപ്പം

# സല്യൂട്ട് വിദർഭ

■ ഇറാനി ട്രോഫി വിദർഭയ്ക്ക്

■ സമ്മാനത്തുക പുൽവാമയിൽ വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബത്തിന്

നാഗ്പൂർ : ഇറാനി ട്രോഫിയിൽ റെസ്റ്റ് ഓഫ് ഇന്ത്യയെ കീഴടക്കി രഞ്ജി ചാമ്പ്യൻമാരായ വിദർഭ കിരീടം നിലനിറുത്തി. മത്സരം സമനിലയിൽ അവസാനിച്ചെങ്കിലും ഒന്നാം ഇന്നിംഗ്സ് ലീഡിന്റെ പിൻബലത്തിൽ വിദർഭ കിരീടം സ്വന്തമാക്കുകയായിരുന്നു. സ്കോർ: റെസ്റ്റ് ഒഫ് ഇന്ത്യ 330/10, 374/3 ഡിക്ലയേർഡ്.

വിദർഭ 425/10, 265/5. മുംബയ്ക്കും കർണാടകയ്ക്കും ശേഷം തുടർച്ചയായി ഇറാനി കപ്പ് സ്വന്തമാക്കുന്ന രഞ്ജി ചാമ്പ്യൻമാരായി ഇതോടെ വിദർഭ.

### വെൽഡൺ വിദർഭ

മത്സരത്തിൽ നിന്ന് ലഭിച്ച മുഴുവൻ സമ്മാനത്തുകയും ജമ്മു കാശ്മീരിലെ പുൽവാമയിൽ തീവ്രവാദി ആക്രമണത്തിൽ വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബത്തിന് വിദർഭ ടീം സംഭാവന ചെയ്യും. സമ്മാനദാന ചടങ്ങിൽ വച്ച് വിദർഭയുടെ ക്യാപ്ടൻ ഫയിസ് ഫസലാണ് ഇക്കാര്യം അറിയിച്ചത്.

പത്ത് ലക്ഷം രൂപയാണ് ഇറാനി ട്രോഫിയിൽ ചാമ്പ്യൻമാരാകുന്ന ടീമിന് ലഭിക്കുന്നത്. തങ്ങളുടെ ഭാഗത്ത് നിന്നുള്ള ചെറിയ സഹായം എന്ന നിലയ്ക്കാണ് സമ്മാനത്തുക പുൽവാമയിൽ വീരമൃത്യുവരിച്ച സൈനീകരുടെ കുടുംബത്തിന് നൽകുന്നതെന്ന് ഫസൽ പറഞ്ഞു.

### കോട്ടകെട്ടി വിദർഭ

റെസ്റ്റ് ഒഫ് ഇന്ത്യ ഉയർത്തിയ 280 റൺസിന്റെ വിജയ ലക്ഷ്യം പിന്തുടർന്ന് 37/1 എന്ന നിലയിൽ ഇന്നലെ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിച്ച വിദർഭ റെസ്റ്റ് ഒഫ് ഇന്ത്യയുടെ ബൗളിംഗ് ആക്രമണങ്ങളെ സമർത്ഥമായി ചെറുത്താണ് ചാമ്പ്യൻമാരായത്.

വിദർഭയ്ക്കായി ഗണേഷ് സതീഷ് (168 പന്തിൽ 87), അഥർവ തൈദേ (185 പന്തിൽ 72) എന്നിവർ ഗംഭീര ചെറുത്ത് നിൽപ്പാണ് നടത്തിയത്. സഞ്ജയ് (42), കാലെ (37) എന്നിവരും നിർണായക പ്രകടനം കാഴ്ചവച്ചു.

ദീപക് ചഹാർ റെസ്റ്റ് ഒഫ് ഇന്ത്യയ്ക്കായി രണ്ട് വിക്കറ്റ് വീഴ്ത്തി. വിദർഭയുടെ അക്ഷയ് കർനേവറാണ് മാൻ ഒഫ് ദ മാച്ച്. റെസ്റ്റ് ഒഫ് ഇന്ത്യയുടെ ഹനുമ വിഹാരി രണ്ടിന്നിംഗ്സിലും സെഞ്ച്വറി നേടിയിരുന്നു.



ആദർശ് ഗോപി

# കേരളം കുതിക്കുന്നു

നദിയാദ് (ഗുറാത്ത്): ദേശീയ സീനിയർ (ആൺകുട്ടികൾ) സ്കൂൾ അത്‌ലറ്റിക്ക് മീറ്റിൽ കേരളം കുതിക്കുന്നു. രണ്ടാം ദിനത്തെ മത്സരങ്ങൾ അവസാനിക്കുമ്പോൾ 47 പോയിന്റുമായി കേരളം ഒന്നാമത് തന്നെയാണ്. 39 പോയിന്റുള്ള കർണാടകയാണ് രണ്ടാം സ്ഥാനത്ത്. 29 പോയിന്റുമായി ഉത്തർ പ്രദേശ് മൂന്നാം സ്ഥാനത്തും 25 പോയിന്റോടെ തമിഴ്നാട് നാലാം സ്ഥാനത്തുമാണ്. മീറ്റിന്റെ രണ്ടാം ദിനമായ ഇന്നലെ രണ്ട് സ്വർണവും ഒരു വെള്ളിയും രണ്ട് വെങ്കലവുമാണ് കേരളത്തിന്റെ സമ്പാദ്യം. ആദ്യ ദിനം കേരളം ഒരു സ്വർണവും രണ്ട് വെങ്കലവും സ്വന്തമാക്കിയിരുന്നു.

ഇന്നലെ 1500 മീറ്ററിൽ ആദർശ് ഗോപി കേരളത്തിന്റെ അക്കൗണ്ടിൽ സ്വർണം എത്തിച്ചു. കോതമംഗലം മാർബേസിൽ സ്കൂളിന്റെ താരമായ ആദർശ് 3 മിനിട്ട് 57.09 സെക്കന്റിൽ ഫിനിഷ് ചെയ്താണ് സ്വർണം സ്വന്തമാക്കിയത്. 110 മീറ്റർ ഹർഡിൽസിൽ കോഴിക്കോട് സായിയിലെ ഫദിൻ കെയും കേരളത്തിനായി സ്വർണമണിഞ്ഞു. 14.57 സെക്കന്റിലാണ് ഫദിൻ ഫിനിഷ് ചെയ്തത്.



ഫദിൻ

4-100 മീറ്റർ റിലേയിൽ കേരളം വെള്ളി നേടി. 42.76 സെക്കന്റിലായിരുന്നു കേരളം റിലേയിൽ വെള്ളി നേടിയത്.

400 മീറ്ററിൽ അനന്ദു വിജയൻ 48.89 സെക്കന്റിൽ ഫിനിഷ് ചെയ്ത് വെങ്കലം നേടി. ലോംഗ്ജമ്പിൽ ശ്രീകാന്ത് കെ.എം 7.20 മീറ്റർ ചാടിയാണ് മൂന്നാം സ്ഥാനത്തെത്തിയത്.



4-100 മീറ്റർ റിലേയിൽ വെള്ളി നേടിയ ടീം



## ലങ്കയ്ക്ക് കുശാൽ വിജയം

ഡർബൻ: ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ശ്രീലങ്കയ്ക്ക് ഒരു വിക്കറ്റിന്റെ ത്രസിപ്പിക്കുന്ന വിജയം. ദക്ഷിണാഫ്രിക്ക ഉയർത്തിയ 304 റൺസിന്റെ വിജയ ലക്ഷ്യം പിന്തുടർന്നിറങ്ങിയ ശ്രീലങ്ക കുശാൽ പെരേരയുടെ (പുറത്താകാതെ 153) തകർപ്പൻ സെഞ്ച്വറിയുടെ പിൻബലത്തിൽ ഒരു വിക്കറ്റ് ശേഷിക്കെ വിജയ ലക്ഷ്യത്തിൽ എത്തുകയായിരുന്നു (304-9). സ്കോർ ദക്ഷിണാഫ്രിക്ക 235/10, 259/10. ശ്രീലങ്ക 191/10, 304/9.

മത്സരത്തിന്റെ നാലാം ദിനമായ ഇന്നലെ ദക്ഷിണാഫ്രിക്ക ഏറെക്കുറെ കൈപ്പിടിയിലാക്കിയ ജയമാണ് കുശാൽ ലങ്കയ്ക്കായി തട്ടിപ്പറിച്ചെടുത്തത്.

226/9 എന്ന നിലയിൽ പരാജയം മുന്നിൽ കണ്ട ലങ്കയെ ലാസ്റ്റ് മാൻ ഫെർണാണ്ടോയെ (27 പന്തിൽ പുറത്താകാതെ 6) കൂട്ടുപിടിച്ച് കുശാൽ വിജയ വഴിയിൽ എത്തിക്കുകയായിരുന്നു. 200 പന്ത് നേരിട്ട് 12 ഫോറും 5 സിക്സും ഉൾപ്പെട്ടതാണ് പെരേരയുടെ ഇന്നിംഗ്സ്.

# രാഹുലിന്റെ അമ്പേറ്റെങ്കിലും വീഴാതെ ഗോകുലം

▸ ടി.പി. നിതിൻലാൽ

കോഴിക്കോട്: നാട്ടിൽ തിരിച്ചെത്തിയിട്ടും വിജയവഴിയിലെത്താതെ ഗോകുലം കേരള എഫ്.സി. തുടർച്ചയായ ഏഴ് എവേ മത്സരങ്ങൾക്ക് ശേഷം കോഴിക്കോട് കോർപ്പറേഷൻ ഇ.എം.എസ് സ്റ്റേഡിയത്തിലെ സ്വന്തം ആരാധകർക്ക് മുന്നിൽ പന്ത് തട്ടാനിറങ്ങിയ മലബാറിയൻസിനെ ഇന്ത്യൻ ആരോസ് 1-1ന് സമനിലയിൽ തളച്ചു.

22-ാം മിനിട്ടിൽ മലയാളി താരം കെ.പി. രാഹുലിന്റെ ഗോളിലൂടെ ഇന്ത്യൻ ആരോസാണ് മുന്നിലെത്തിയത്. 64-ാം മിനിട്ടിൽ മാർക്കസ് ജോസഫിലൂടെ ഗോകുലം തിരിച്ചടിച്ചു. നിരവധി ഗോളവസരങ്ങളാണ് ഗോകുലം കളഞ്ഞു കുളിച്ചത്. 22-ാം മിനിട്ടിൽ ആശിഷ് റായിയുടെ മനോഹരമായ ക്രോസിൽ നിന്നാണ് ഇന്ത്യൻ ആരോസിന്റെ ഗോൾ പിറന്നത്. ആശിഷ് ബോക്സിലേക്ക് ഉയർത്തി നൽകിയ ബാൾ റഹീം അലി ഹെഡ്ഡറിലൂടെ മലയാളി താരം കെ.പി. രാഹുലിന് കൈമാറി. അൽപം പോലും വൈകാതെ രാഹുൽ ഒന്നാന്തരം വോളിയിലൂടെ ഗോകുലത്തിന്റെ വലകുലുക്കി. രണ്ടാം പകുതിയിൽ കളത്തിലിറങ്ങിയ അർജ്ജുൻ ജയരാജിന്റെ മികച്ച നീക്കമാണ് ഗോകുലത്തിന് സമനില ഗോൾ സമ്മാനിച്ചത് 64ാം മിനിട്ടിൽ അർജ്ജുൻ തൊടുത്ത ഷോട്ട് തടുക്കുന്നതിൽ ആരോസ് പ്രതിരോധനിര താരം ദീപക് ടാൻഗിരിക്ക് പറ്റിയ പിഴവ് മുതലെടുത്ത മാർക്കസ് ജോസഫ് ബോൾ പിടിച്ചെടുത്ത് ആരോസിന്റെ വലയിലേക്ക് തൊടുത്തു. ഗോൾ നേടിയ ശേഷം മികച്ച കളി പുറത്തെടുത്തെങ്കിലും ഫിനിഷിംഗിലെ പോരായ്മ ഗോകുലത്തിന് തിരിച്ചടിയായി. പരിശീലകൻ ബിനോ ജോർജിന് ഇതുവരെ വിന്നിംഗ് ഇലവനെ കണ്ടെത്താനാകാത്തതാണ് കേരളത്തിന്റെ ഏക ഐ ലീഗ് ക്ലബിന് വിനയാകുന്നത്.

സമനിലയൽ കുരുങ്ങിയതോടെ ഗോകുലം ലീഗിൽ പത്താംസ്ഥാനത്ത് തുടരുകയാണ്. 16 മത്സരങ്ങളിൽ നിന്ന് 13 പോയന്റ് മാത്രമാണ് ഗോകുലത്തിന്റെ സമ്പാദ്യം. 18 മത്സരങ്ങളിൽ നിന്ന് 17 പോയന്റുള്ള ആരോസ് ഏഴാമതാണ്. ലീഗിൽ പിന്നിലായതോടെ സൂപ്പർ കപ്പിലേക്ക് നേരിട്ട് യോഗ്യത നേടാനുള്ള ഗോകുലത്തിന്റെ സാദ്ധ്യതയ്ക്ക് മങ്ങലേറ്റു. ഐ. ലീഗിൽ ഇതുവരെ രണ്ട് ജയം മാത്രമാണ് ഗോകുലത്തിന് നേടാനായത്. ഏഴ് മത്സരങ്ങളിൽ സമനില വഴങ്ങിയപ്പോൾ ഏഴെണ്ണം തോറ്റു. ലീഗിൽ ഏറ്റവും അധികം ഗോളുകൾ വഴങ്ങിയതിൽ രണ്ടാം സ്ഥാനത്താണ് ഗോകുലം. 26 ഗോളുകളാണ് ഗോകുലം വഴങ്ങിയത്. 20 ഗോളുകൾ നേടി.



ഗോകുലത്തിനെതിരേ ഇന്ത്യൻ ആരോസിന്റെ മലയാളി താരം രാഹുലിന്റെ ഷോട്ട്



## ഇർഫാനും സൗമ്യയും ചാമ്പ്യൻമാർ

ചെന്നൈ: ആറാമത് ദേശീയ ഓപ്പൺ റേസ് വാക്കിംഗ് ചാമ്പ്യൻഷിപ്പിൽ മലയാളി താരങ്ങളായ കെ.ടി. ഇർഫാനും സൗമ്യ ബേബിയും ചാമ്പ്യൻമാരായി. പുരുഷ വിഭാഗത്തിൽ തുടർച്ചയായ മൂന്നാം തവണയാണ് ഇർഫാൻ ചാമ്പ്യനാകുന്നത്.

20 കിലോമീറ്റർ ദൂരം ഇത്തവണ 1 മണിക്കൂർ 21 മിനിട്ട് 18 സെക്കന്റിലാണ് ഇർഫൻ ഒന്നാമനായി നടന്നെത്തിയത്. വനിതാ വിഭാഗത്തിൽ 1 മണിക്കൂർ 40 മിനിട്ട് 25 സെക്കന്റിലാണ് സൗമ്യയുടെ സുവർണ ഫിനിഷ്.

## ചുരുക്കത്തിൽ

■ ഇറ്റാലിയൻ സിരി എയിൽ യുവന്റസ് 3-0ത്തിന് ഫ്രോസിനോണിനെ കീഴടക്കി. ഡിബാല, ബൊനൂച്ചി, റൊണാൾഡോ എന്നിവരാണ് സ്കോറർമാർ.

■ ഐ.എസ്.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ പൂനെ സിറ്റി 4-1ന് ജംഷഡ്പൂർ എഫ്.സിയെ കീഴടക്കി.



ദേശീയ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻമാരായ സൗരഭും സൈനയും

## സിന്ധുവിനെ വീഴ്ത്തി വീണ്ടും സൂപ്പർ സൈൻ

■ ദേശീയ സീനിയർ ബാഡ്മിന്റൺ വനിതാ വിഭാഗത്തിൽ സൈനയും പുരുഷൻമാരിൽ സൗരഭ് വർമ്മയും ചാമ്പ്യന്മാർ

ഗവാഹത്തി: ദേശീയ സീനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വനിതാ സിംഗിൾസിൽ പി.വി. സിന്ധുവിനെ കീഴടക്കി സൈന നെഹ്‌വാൾ ചാമ്പ്യൻപട്ടം നിലനിറുത്തി. നേരിട്ടുള്ള സെറ്റുകളിൽ 21-18, 21-15നായിരുന്നു സൈനയുടെ ജയം. കഴിഞ്ഞ തവണയും സിന്ധുവിനെ കീഴടക്കിയായിരുന്നു സൈന കിരീടത്തിൽ മുത്തമിട്ടത്. സൈനയുടെ നാലാം കിരീടനേട്ടമാണിത്. കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിലും സൈന സിന്ധുവിനെ കീഴടക്കിയിരുന്നു. ടി.ആർ.പി. ഇൻഡോർ സ്റ്റേഡിയത്തിൽ നിറഞ്ഞ് കവിഞ്ഞ കാണികൾക്ക് മുന്നിൽ സൈനയും സിന്ധുവും മികച്ച പോരാട്ടമാണ് പുറത്തെടുത്തത്. സിന്ധുവിന്റെ വെല്ലുവിളികളെ തന്റെ ട്രേഡ്മാർക്കായ സ്മാഷുകൾ കൊണ്ട് സൈന മറികടക്കുകയായിരുന്നു.

പുരുഷ സിംഗിൾസിൽ ടീനേജ് താരം ലക്ഷ്യ സെന്നിനെ നേരിട്ടുള്ള ഗെയിമുകളിൽ കീഴടക്കിയാണ് സൗരഭ് വർമ്മ മൂന്നാം തവണയും ദേശീയ സീനിയർ കിരീടത്തിൽ മുത്തമിട്ടത്. കഴിഞ്ഞ തവണയും ലക്ഷ്യയെ വീഴ്ത്തിയായിരുന്നു സൗരഭിന്റെ കിരീടധാരണം. ഏഷ്യൻ ജൂനിയർ ചാമ്പ്യനായ 17കാരൻ ലക്ഷ്യയ്ക്കെതിരെ 21-18, 21-13നാണ് ഇത്തവണ ഫൈനലിൽ സൗരഭിന്റെ ജയം. പുരുഷ ഡബിൾസിൽ പ്രണവ് ജെറി ചോപ്ര -ചിരാഗ് ഷെട്ടി സഖ്യവും മിക്സഡ് ഡബിൾസിൽ മനു അത്രി- മനീഷ കെ. സഖ്യവും ചാമ്പ്യൻമാരായി.

